LIBRARY ARCHIVES Kerala Legislative Assembly

ട്രാഫിക് വാർഡൻമാരുടെ വേതനം

28 (1769) ശ്രീ. കെ. എം. മാണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റോഡ് ഗതാഗതം നിയന്ത്രിക്കുന്നതിനായി ആഭ്യന്തര വകുപ്പ് ഏതെല്ലാം തരത്തിലുള്ള ഉദ്യോഗസ്ഥരെയാണ് താൽക്കാലികമായും ദിവസക്കൂലി അടിസ്ഥാനത്തിലും നിയമിച്ചിട്ടുള്ളത് ;

(ബി) ഓരോ വിഭാഗത്തിലും നൽകുന്ന ദിവസ വേതനം എത്ര വീതമാണെന്ന് വ്യക്തമാക്കുമോ ;

(സി) ഇവരുടെ ജോലി എന്തെല്ലാമാണ് ;

(ഡി) ട്രാഫിക് വാർഡർമാരായി സ്ത്രീകളെ നിയമിച്ചിട്ടുണ്ടോ ; എങ്കിൽ അവരുടെ വേതനം എത്രയാണ് ;

(ഇ) ഒരേ ജോലിക്ക് സ്ത്രീകൾക്കും പുരുഷൻമാർക്കും ഒരേ വേതനം നൽകണമെന്ന കേന്ദ്ര നിയമത്തിന്റെ അടിസ്ഥാനത്തിൽ ട്രാഫിക് ജോലിയിൽ ഏർപ്പെട്ടിട്ടുള്ളവരുടെ ദിവസവേതനം ഒരേ നിരക്കിൽ നൽകുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ-ഇ) വിവരം ശേഖരിച്ചു വരുന്നു.

രാജാക്കാട് പോലീസ് സ്റ്റേഷനിലെ കള്ളക്കേസ്

29 (1770) ശ്രീ. കെ. കെ. ഷാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇടുക്കി ജില്ലയിലെ രാജാക്കാട് പോലീസ് സ്റ്റേഷനിൽ ചാർജ്ജ് ചെയ്തിട്ടുള്ള ക്രൈം നമ്പർ 528/2010 പ്രകാരമുള്ള കേസ്സിന്റെ വിശദാംശം ലഭ്യമാക്കുമോ ;

(ബി) നടന്നിട്ടില്ലാത്ത അക്രമത്തിന്റെ പേരിൽ പൊതുപ്രവർത്തകനായ ശ്രീ. ശിവൻ ഉൾപ്പെടെയുള്ളവർക്കെതിരെ കേസ്സെടുത്തതും നിരന്തരമായി അദ്ദേഹത്തിന്റെ വീട്ടിൽ പോലീസെത്തി ഭീഷണിപ്പെടുത്തുന്നതും തടയാൻ ഈ കേസ് എസ്.പി. റാങ്കിലുള്ള ഒരു ഉദ്യോഗസ്ഥനെക്കൊണ്ട് അന്വേഷിപ്പിക്കുന്നതിന് നടപടികൾ ഉണ്ടാകുമോ ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ;

(സി) രാജാക്കാട് പോലീസ് സ്റ്റേഷനിലെ ഒരു ഉദ്യോഗസ്ഥന്റെ താല്പര്യപ്രകാരമാണ് ഈ കേസ് ഇത്തരത്തിൽ ചാർജ്ജ് ചെയ്യുവാൻ ഇടയായതെന്ന വസ്തുതയെ സംബന്ധിച്ച് അന്വേഷണം നടത്തുമോ ;